©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 മാർച്ച് 18
18th March 2026
1201 മീനം 4
4th Meenam 1201
1947 ഫാൽഗുനം 27
27th Phalguna 1947

നമ്പർ
No.
1269

1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6- വകുപ്പ് പ്രകാരമുള്ള പരസ്യം

(കുമ്പളം – തുറവൂർ തീരദേശ റെയിൽപാത ഇരട്ടിപ്പിക്കൽ അധിക ഏറ്റെടുക്കൽ)

ഡി. 40/2026 13/03/2026

താഴെക്കൊടുത്തിട്ടുള്ള താലൂക്കിലെ താഴെക്കൊടുത്തിട്ടുള്ള വില്ലേജിലെ താഴെക്കൊടുത്തിട്ടുള്ള സർവ്വെ നമ്പരുകളിൽ പെടുന്ന ഭൂമിയുടെ സർവ്വെ, ടി വില്ലേജിൽ / വില്ലേജുകളിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന എറണാകുളം അമ്പലപ്പുഴ തീരദേശ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആദ്യപാദ വികസനത്തിൻറെ ഭാഗമായ കുമ്പളം - തുറവൂർ തീരദേശ റെയിൽവേ പാത ഇരട്ടിപ്പിക്കലിനായി ചേർത്തല താലൂക്കിലെ കുത്തിയതോട്, കോടംതുരുത്ത് വില്ലേജുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതും സമയബന്ധിതമായി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്. നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിരിക്കുകയാൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെപ്പറയുന്ന വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും. താഴെപ്പറയുന്ന സർവ്വെ നമ്പരുകളും ആയതിലെ സബ് ഡിവിഷനുകളും അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961 ലെ കേരളാ സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപ്പറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശം ഉണ്ടന്നോ തേർച്ച ചെയ്യുന്ന ഏതൊരാളേയും നേരിട്ടോ ഏജൻറ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനുവേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6 (2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെപ്പറയുന്ന ഭൂമികളിൽ അവകാശമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസ് ആയി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6 (3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും:- എ. സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ, നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ, മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും;

ബി. കൊടിപിടിക്കുന്നവരേയും ചെയിൻമാൻമാരേയും നിയോഗിച്ച് അതതു സമയം ആവശ്യമായേക്കാവുന്ന സമയത്തും കാലത്തും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;

സി. അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ, അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ എ. മുതൽ സി. വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെകൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചിലവ് ആക്ടിലും അതുപ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ല : ആലപ്പുഴ താലൂക്ക് : ചേർത്തല

ക്രമ നമ്പർ	വില്ലേജ്	സർവ്വെ നമ്പർ
1.	കുത്തിയതോട്	151, 205, 161, 162, 204, 163
2.	കോടംതുരുത്ത്	166, 203, 202, 167, 169,201, 175, 177, 200, 178, 199

ആകെ വിസ്തീർണ്ണം : 1.6389 ഹെക്ടർ

ഒപ്പ്
സ്പെഷ്യൽ തഹസിൽദാർ
എൽ. എ. (റെയിൽവെ)
കായംകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.18 02:24:05 +05:30